ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് ന്യായവില നഷ്ടപരിഹാരം നൽകണം

തളിപ്പറമ്പ: ദേശീയപാത വികസനത്തിനായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകണമെന്ന് വ്യാപാരി വ്യവസായി ഏരിയ കൺവെൻഷൻ ആവശ്യപ്പെട്ടു. കെട്ടിട ഉടമകൾക്ക് മാത്രം നഷ്ടപരിഹാരം നൽകാനുള്ള നീക്കം അവസാനിപ്പിച്ച് വ്യാപാരികൾക്ക് പുനരധിവാസവും നഷ്ടപരിഹാര പാക്കേജും പ്രഖ്യാപിക്കണമെന്നും കൺവെൻഷൻ ആവശ്യപ്പെട്ടു. തളിപ്പറമ്പ് റിക്രിയേഷൻ ക്ലബിൽ വ്യാപാരി വ്യവസായി സമിതി സംസ്ഥാന പ്രസിഡണ്ട് വി.കെ.സി. മമ്മദ് കോയ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ടി. നാരായണൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി പി. ഗോപിനാഥ്, പ്രസിഡണ്ട് ചാക്കോ മുല്ലപ്പള്ളി, പി. വിജയൻ, കെ.വി. ഉണ്ണികൃഷ്ണൻ, പി. വി. സുരേഷ്, വി. വിജയൻ സംസാരിച്ചു. കെ.എം. ലത്തീഫ് സ്വാഗതവും കെ.വി. മനോഹരൻ നന്ദിയും പറഞ്ഞു.

കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി
തളിപ്പറമ്പ് ഏരിയാ
കൺവെൻഷൻ
THE RECREATION CLUB TALIPARAMBA

തളിപ്പറമ്പ് വ്യാപാരി വ്യവസായി സമിതി ഏരിയ കൺവെൻഷൻ വി.കെ.സി. മമ്മദ് കോയ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ആർട്ടിസാൻസ് ക്ഷേമ പെൻഷൻ 3000 രൂപയാക്കണം

കണ്ണൂർ: കരകൗശല തൊഴിലാളികൾക്ക് പ്രതിമാസം 3000രൂപ പെൻഷൻ അനുവദിക്കണമെന്ന് കേരള സ്റ്റേറ്റ് ആർട്ടിസാൻസ് യൂണിയൻ (എ.ഐ.സി.ടി.യു) ജില്ലാ പ്രവർത്തക കൺവെൻഷൻ ആവശ്യപ്പെട്ടു. എ.ഐ.സി.ടി.യു ദേശീയ വർക്കിംഗ് കമ്മിറ്റി അംഗം എ.കെ. സതീഷ്ചന്ദ്രൻ അധ്യക്ഷം വഹിച്ചു. ദേശീയ വൈസ് പ്രസിഡണ്ട് കെ.കെ. ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം കളത്തിങ്കൽ ബി. സുരേഷ്കുമാർ മുഖ്യപ്രഭാഷണം നടത്തി. പ്രസീത അഴീക്കോട്, കെ.കെ. ജയാനന്ദൻ, എം.ജെ. സിബി, ഉഷ മടപ്പുര, പി. രാജീവൻ, വി. കല്യാണി, സുരേഷ്‌രാജ് സംസാരിച്ചു. ഇ.എ. ശ്യാം സ്വാഗതവും എം.കെ. സുശീൽകുമാർ നന്ദിയും പറഞ്ഞു.

ഭാരവാഹികളായി കെ.കെ. ജയാനന്ദൻ (പ്രസിഡണ്ട്), എ.കെ. സതീഷ് ചന്ദ്രൻ (വർക്കിംഗ് പ്രസിഡണ്ട്), പ്രസീത അഴീക്കോട്, ഉഷ മടപ്പുര, സുരേഷ് രാജ് (വൈസ് പ്രസിഡണ്ട്), കെ.കെ. സുകുമാരൻ (സെക്രട്ടറി), എം.ജെ. സിബി (ആക്ടിംഗ് സെക്രട്ടറി), എം.കെ. സുശീൽകുമാർ, ഇ.എ. ശ്യാം (ജോയിന്റ് സെക്രട്ടറി), പി. രാജീവൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

കളിയാട്ട മഹോത്സവത്തിന് ഇന്ന് തുടക്കം

ആലക്കോട്: കാർത്തികപുരം മുതുശേരിത്തട്ട് ദൈവത്താർ മൂലസ്ഥാനം മഹാദേവ ക്ഷേത്രത്തിലെ കളിയാട്ട മഹോത്സവം ഇന്ന് മുതൽ മൂന്ന് ദിവസങ്ങളിലായി നടക്കും. ഇന്ന് വൈകുന്നേരം നാല് മണിക്ക് കലവറ നിറക്കൽ ഘോഷയാത്ര. 6.30ന് ക്ഷേത്ര കമ്മിറ്റി പ്രസിഡണ്ട് സി.കെ. റെജി കൊടിയുയർത്തും. തുടർന്ന് ഗണപതി ഹോമം. നാളെ വൈകുന്നേരം 6.30ന് തലത്തണ്ണിയിൽ നിന്ന് താലപ്പൊലി ഘോഷയാത്ര, രാത്രി എട്ടിന് പാടിമല ദൈവത്താറിന്റെ പുറപ്പാട്, ഒമ്പതിന് അന്നദാനം. തുടർന്ന് മുതുശേരി ദൈവത്താറിന്റെ തോറ്റം, തിരുപുറപ്പാട്, അമ്മയാറ് ഭഗവതിയുടെ പുറപ്പാട്, പുലർച്ചെ നാലിന് അന്തിത്തറ വെള്ളാട്ടം. സമാപന ദിവസമായ വെള്ളിയാഴ്ച പുലർച്ചെ 4.30ന് നിർമ്മാല്യ ദർശനം. വിശേഷാൽ പൂജകൾ, രാവിലെ ഏഴിന് ഉദ്രാല ഭഗവതിയുടെ പുറപ്പാട്. ഉച്ചക്ക് 12ന് മുത്തപ്പൻ വെള്ളാട്ടം.

കർഷക പെൻഷൻ

നടുവിൽ: നടുവിൽ കൃഷിഭവനിൽ നിന്ന് കർഷക പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ ബാങ്ക് പാസ് ബുക്കുമായി നേരിട്ട് കൃഷിഭവനിൽ ഹാജരായി പെൻഷൻ പുതുക്കണമെന്ന് നടുവിൽ കൃഷി ഓഫീസർ അറിയിച്ചു.

കേരള സർക്കാർ ദർഘാസുകൾ
02-04-2018 മുതൽ 08-04-2018 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ
പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2018_PWD_199869_1 * Executive engineer * Kerala Infrastructure Investiment fund Board (KIIFB) 2016-17 * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 594242
ദർഘാസ് : 2018_PWD_199789_1 * Executive engineer * OR Providing 20 MM BIT chipping carpet between km 7/000 and * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 999311
ദർഘാസ് : 2018_PWD_199904_1 * Executive Engineer * SLTF - RP-2017-18 Urgent BT renewal between Km 0/000 to 3/30 * അവസാന തീയതി : 16-Apr-2018 * അടങ്കൽ :` 2799730
ദർഘാസ് : 2018_PWD_199948_1 * Executive Engineer * Urgent restoration of collapsed side protection of Retaining * അവസാന തീയതി : 16-Apr-2018 * അടങ്കൽ :` 2398781
ദർഘാസ് : 2018_PWD_199611_1 * Executive Engineer * SLTF 2017-18 RP Renewal BT works to Idivanna - Thottupoyil - * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 2477092
ദർഘാസ് : 2018_PWD_199570_1 * Executive Engineer * Renewal BT works to Uppada - Chempankolly - Pallipady road i * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 2498369
ദർഘാസ് : 2018_PWD_199768_1 * Executive Engineer * RP 2017-18. Urgent stripped BT works to Palunda - Munderi * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 2494250
ദർഘാസ് : 2018_PWD_199526_1 * Executive Engineer * SLTF 2017-18 RP Nilambur LAC Renewal BT works in Chulliyode * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 2499995
ദർഘാസ് : 2018_PWD_199953_1 * Executive Engineer * SLTF 2017-18 Conveyance of Packed Bitumen form Kochi refiner * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 500000
ദർഘാസ് : 2018_PWD_199756_1 * Executive Engineer * Road safety works on various roads comes under Melattur sect * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 1890000
ദർഘാസ് : 2018_PWD_191231_3 * Executive Engineer * SLTF 2017-18 -RP Widening and providing BM and BC to approa * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 2500000
ദർഘാസ് : 2018_PWD_195019_2 * Executive Engineer * SR 2017-18-Urgent extension of culvert at Patternadakkavu - * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 1000000
ദർഘാസ് : 2018_PWD_199724_1 * Executive Engineer * R/P 2017-18 Urgent BT patch works to Nilambur - Valamthode r * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 2493382
ദർഘാസ് : 2018_PWD_199563_1 * Executive Engineer * SLTF S/R 2017-18 - Urgent BT Renewal works to Mundengara Pul * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 2500000
ദർഘാസ് : 2018_PWD_199603_1 * Executive Engineer * Renewal BT works to Maramvettichal - Nellikuth - Karappuram * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 2491763
ദർഘാസ് : 2018_PWD_199581_1 * Executive Engineer * SLTF S/R 2017-18 - Urgent BT Renewal works to Mundengara Pul * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 2500000
ദർഘാസ് : 2018_PWD_199587_1 * Executive Engineer * SLTF S/R 2017-18 - Urgent BT Renewal works to Mundengara Pul * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 2500000
ദർഘാസ് : 2018_PWD_199592_1 * Executive Engineer * SLTF S/R 2017-18 - Urgent BT Renewal works to Mundengara Pul * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 2500000
ദർഘാസ് : 2018_PWD_199425_1 * Executive Engineer * SLTF 2017-18 (RP) BT Renewal works to approach road to MES C * അവസാന തീയതി : 10-Apr-2018 * അടങ്കൽ :` 792971
ദർഘാസ് : 2018_PWD_200019_1 * Executive Engineer * OR 17-18 Urgent Patch repairs to Mannarkkad- Chinnathadakam * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 1499988
ദർഘാസ് : 2018_PWD_199839_1 * EXECUTIVE ENGINEER * SLTF - RP 17 - 18 Muthuthala - Cherukudangad road km 0/00-6 * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 1499909
ദർഘാസ് : 2018_PWD_199871_1 * Executive Engineer * RP 2017-18 Nattukal Palode Kunninpuram Nenjikkode Chemappara * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 1497346
ദർഘാസ് : 2018_PWD_199541_1 * Executive Engineer * SLTF RP 2017-18 Viyyakkurissi- Vazhempuram road in ch 11/600 * അവസാന തീയതി : 10-Apr-2018 * അടങ്കൽ :` 2499049
ദർഘാസ് : 2018_PWD_199551_1 * Executive Engineer * OR 2017-18 Urgent Patch repair to Mannarkkad Chinnathadakam * അവസാന തീയതി : 10-Apr-2018 * അടങ്കൽ :` 998747
ദർഘാസ് : 2018_PWD_199988_1 * Executive Engineer * OR 2017-18 Urgent Patch repairs to Mannarkkad -Chinnathadaka * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 2499870
ദർഘാസ് : 2018_PWD_199827_1 * EXECUTIVE ENGINEER * SLTF -OR 17-18 Pattambi-Amayur road km 4/500-11/318 * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 2499716
ദർഘാസ് : 2018_PWD_199524_1 * Executive Engineer * COnstruction of Side drain between km 195/100 to 195/300 of * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 1211309
ദർഘാസ് : 2018_PWD_199687_1 * EXECUTIVE ENGINEER * SLTF RP 17 - 18 Velliyankallu Thiruvegappura road km 0/00 - * അവസാന തീയതി : 12-Apr-2018 * അടങ്കൽ :` 2499311
ദർഘാസ് : 2018_PWD_199537_1 * Executive engineer * SLTF RP 2017-18 Viyyakurrissi- Vazhempuram road in ch 1/000- * അവസാന തീയതി : 10-Apr-2018 * അടങ്കൽ :` 2499488
ദർഘാസ് : 2018_PWD_200130_1 * Executive Engineer PWD Roads Division Alappuzha * OR 2017-18 Construction of retaining wall at ch.2/500 and dr * അവസാന തീയതി : 16-Apr-2018 * അടങ്കൽ :` 998636
ദർഘാസ് : 2018_PWD_199614_1 * EXECUTIVE ENGINEER * SLTF 2017-18 Providing 20 mm chipping carpet to Ottappunn * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 1898716
ദർഘാസ് : 2018_PWD_198041_2 * Executive Engineer PWD Roads Division Alappuzha * OR _2017_18 Urgent patch repairs to Kumbalachira cartable br * അവസാന തീയതി : 13-Apr-2018 * അടങ്കൽ :` 1497914
ദർഘാസ് : 2018_PWD_199615_1 * EXECUTIVE ENGINEER * Additional Investigation Estimate for KIIFB 2017-18 Recons * അവസാന തീയതി : 11-Apr-2018 * അടങ്കൽ :` 547856

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 02-08/Apr/2018/PRD/7

പി. എം. മാത്യു വിരമിച്ചു

പയ്യാവൂർ: പയ്യാവൂർ സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ പ്രധാനാധ്യാപകൻ പി.എം.മാത്യു വിരമിച്ചു. പി.എസ്.ടി.എ ജില്ലാ പ്രസിഡണ്ട്, കെ.പി.എസ്.ടി.എ സംസ്ഥാന കൗൺസിലർ, കെ.പി.എസ്.എച്ച്.എ സംസ്ഥാന എക്സിക്യൂട്ടീവ്, ഇരിക്കൂർ ബ്ലോക്ക് കോൺഗ്രസ് ജന. സെക്രട്ടറി, തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ലാ ഹെഡ്മാസ്റ്റേഴ്സ് ഫോറം എക്സിക്യൂട്ടീവ് അംഗം, മടമ്പം മേരിലാൻഡ് ഹൈസ്കൂൾ, ആലപ്പുഴ കണ്ണൻകര ഹൈസ്കൂൾ പ്രധാനാധ്യാപകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

നന്മ
വാർഷിക ആഘോഷം
സാംസ്കാരിക ഘോഷയാത്ര
2018
07
08

പുഴക്കുളങ്ങര നന്മ സ്വാശ്രയസംഘം ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സാംസ്കാരിക ഘോഷയാത്ര

നന്മ സ്വാശ്രയ സംഘം വാർഷികം ആഘോഷിച്ചു

തളിപ്പറമ്പ: പുഴക്കുളങ്ങര നന്മ സ്വാശ്രയ സംഘം ഒന്നാം വാർഷികാഘോഷത്തിന്റെ ഭാഗമായി രാജരാജേശ്വര ക്ഷേത്ര ഗസ്റ്റ്ഹൗസ് പരിസരത്ത് നിന്നും പുഴക്കുളങ്ങരയിലേക്ക് സാംസ്കാരിക ഘോഷയാത്ര സംഘടിപ്പിച്ചു. സാംസ്കാരിക സമ്മേളനം മാങ്ങാട്ടുപറമ്പ് കെ.എ.പി. നാലാം ബറ്റാലിയൻ എസ്.ഐ രാധാകൃഷ്ണൻ കാവുമ്പായി ഉദ്ഘാടനം ചെയ്തു. വി.വി. സതീഷ് അധ്യക്ഷനായി. മുൻ നഗരസഭ കൗൺസിലർ പി. പത്മനാഭൻ, ഗോപാലകൃഷ്ണൻ സംസാരിച്ചു. പി. ഗോകുൽ റിപ്പോർട്ട് അവതരിപ്പിച്ചു. പി. പ്രവീൺ സ്വാഗതവും സി. സതീഷ്കുമാർ നന്ദിയും പറഞ്ഞു. തുടർന്ന് പ്രദേശത്തെ കുട്ടികൾ അവതരിപ്പിച്ച നൃത്തനൃത്യങ്ങളും അത്താഴക്കുന്ന് സൗപർണ്ണികയുടെ നാട്ടരങ്ങും അരങ്ങേറി.

38 വർഷത്തിന് ശേഷം ചേടിച്ചേരി കണ്ടോത്ത് മഠത്തിലിടത്തിൽ കളിയാട്ടം നടന്നു

തളിപ്പറമ്പ: മുപ്പത്തി എട്ട് വർഷത്തിന് ശേഷം ഇരിക്കൂർ ചേടിച്ചേരി കണ്ടോത്ത് മഠത്തിലിടം തായ്പരദേവതാ ക്ഷേത്രത്തിൽ കളിയാട്ടം നടന്നു. കളിയാട്ടത്തിൽ അപൂർവ്വങ്ങളായ നിരവധി തെയ്യക്കോലങ്ങളാണ് കെട്ടിയാടിയത്. കുടുംബാംഗങ്ങളുടെ കൂട്ടായ്മയിൽ പുനർ നിർമ്മിച്ച ആരൂഢസ്ഥാനത്ത് കണ്ടോത്ത് മഠത്തിലിടം തറവാട്ടുകാരും നാട്ടുകാരും ചേർന്ന സംഘാടക സമിതിയാണ് ഉത്സവം നടത്തിയത്. പ്രധാനമായും തായ്പരദേവത, ഗുളികൻ, അമ്മാഞ്ചി കരിവേടൻ, ഭൂതത്താൻ, പേന തെയ്യം തുടങ്ങിയ തെയ്യക്കോലങ്ങളാണ് കെട്ടിയാടിച്ചത്. എല്ലാവർഷവും കളിയാട്ടം നടത്താനുള്ള തീരുമാനത്തിലാണ് നാട്ടുകാർ. അതിന്റെ ഭാഗമായി കണ്ടോത്ത് മഠത്തിലിടം തറവാട്ടുകാരും നാട്ടുകാരും ചേർന്ന ഒരു ട്രസ്റ്റി ബോർഡ് രൂപീകരിക്കാനുള്ള ശ്രമവും നടന്നുവരികയാണ്.

ചേടിച്ചേരി കണ്ടോത്ത് മഠത്തിലിടം ക്ഷേത്രത്തിൽ തായ്പരദേവതയുടെ തിരുമുടി നിവർന്നപ്പോൾ.

ലേബർ ഓഫീസ് മാർച്ച് നടത്തി

കണ്ണൂർ: വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സെക്യൂരിറ്റി എംപ്ലോയീസ് യൂണിയന്റെ (സി.ഐ.ടി.യു) നേതൃത്വത്തിൽ ലേബർ ഓഫീസിലേക്ക് മാർച്ച് നടത്തി. സി.ഐ.ടി.യു ജില്ലാ സെക്രട്ടറി കെ.മനോഹരൻ ഉദ്ഘാടനം ചെയ്തു. പി. വി.കുഞ്ഞപ്പൻ അധ്യക്ഷത വഹിച്ചു. പി.വി.ഉപേന്ദ്രൻ, പി. ബാലകൃഷ്ണൻ, എൻ.രവീന്ദ്രൻ സംസാരിച്ചു.

സീതിസാഹിബ് അനുസ്മരണം വിജയിപ്പിക്കും

കണ്ണൂർ: കെ.എം. സീതിസാഹിബ് അനുസ്മരണം വിജയിപ്പിക്കാൻ അഡ്വ. പി. മഹമൂദിന്റെ അധ്യക്ഷതയിൽ ചേർന്ന എസ്.ടി.യു ജില്ലാ കമ്മിറ്റി യോഗം തീരുമാനിച്ചു. ദേശീയ വൈസ് പ്രസിഡണ്ട് എം.എ. കരീം ഉദ്ഘാടനം ചെയ്തു. മെയ് ഒന്നിന് ജില്ലയിലെ പ്രധാന കേന്ദ്രമായ കണ്ണൂർ, തലശേരി, തളിപ്പറമ്പ്, ഇരിക്കൂർ, പഴയങ്ങാടി എന്നീ സ്ഥലത്ത് മെയ് ദിന റാലി നടത്താൻ തീരുമാനിച്ചു. മെയ് അഞ്ചിന് എസ്.ടി.യു സ്ഥാപക ദിനം കൊണ്ടാടാനും അന്നേദിവസം എല്ലാ യൂനിറ്റുകളും പതാക ഉയർത്തണമെന്നും ഘടകങ്ങളോട് അഭ്യർത്ഥിച്ചു. യോഗത്തിൽ പി. ഹംസഹാജി, ഇ.എ. കരീം, എ.പി. ബദറുദീൻ, എം.യു ആലി, എം. സത്താർ, ജനറൽ സെക്രട്ടറി ആലിക്കുഞ്ഞി പന്നിയൂർ സ്വാഗതം പറഞ്ഞു.

സൗജന്യ കരകൗശല പരിശീലന ക്ലാസ് നാളെ

കരുവഞ്ചാൽ: കരുവഞ്ചാൽ പബ്ലിക് ലൈബ്രറി വനിതാവേദി ആഭിമുഖ്യത്തിൽ വനിതകൾക്കായി സംഘടിപ്പിക്കുന്ന സൗജന്യ കരകൗശല പരിശീലന ക്ലാസ് നാളെ രാവിലെ 10 മുതൽ കരുവഞ്ചാൽ ലൈബ്രറി ഹാളിൽ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു. വിശദ വിവരങ്ങൾക്ക് ഫോൺ: 9496185430

പെരിങ്ങാല സെന്റ് ജൂഡ്സ് ദേവാലയ തിരുനാളിന് കൊടിയേറി

ആലക്കോട്: പെരിങ്ങാല സെന്റ് ജൂഡ്സ് തീർത്ഥാടന ദേവാലയത്തിലെ തിരുനാളിനും നൊവേനക്കും കൊടിയേറി. ഫാ.തോമസ് വാളിപ്ലാക്കൽ പതാകയുയർത്തി. ഫാ. മാത്യു മുല്ലപ്പള്ളി കാർമ്മികത്വം വഹിച്ചു. 15 വരെ തിരുനാൾ നീണ്ടുനിൽക്കും.

പരിയാരം ക്ലസ്റ്റർ എസ്.കെ.എസ്.എസ്.എഫ് എക്സ്പോർട്ട്' ആക്ടീവ് ഡെലിഗേറ്റ്സ് ക്യാമ്പ് ജില്ലാ പ്രസിഡണ്ട് അഹ്മദ് ബഷീർ ഫൈസി മാണിയൂർ ഉദ്ഘാടനം ചെയ്യുന്നു

എസ്.കെ.എസ്.എസ്.എഫ് ഡെലിഗേറ്റസ് ക്യാമ്പ് സമാപിച്ചു

തളിപ്പറമ്പ: 'സമർപ്പിത യൗവ്വനം, സമൂഹ നന്മയ്ക്ക്' എന്ന പ്രമേയത്തിൽ പരിയാരം ക്ലസ്റ്റർ എസ്.കെ.എസ്.എസ്.എഫ് കമ്മിറ്റി നോർത്ത് കുപ്പം റൗളത്തുൽ ഉലൂം മദ്രസയിൽ സംഘടിപ്പിച്ച എക്സ്പോർട്ട്' 18 ആക്ടീവ് ഡെലിഗേറ്റ്സ് ക്യാമ്പ് സമാപിച്ചു. നോർത്ത് കുപ്പം ജമാഅത്ത് കമ്മിറ്റി പ്രസിഡണ്ട് ഉസ്മാൻ ഹാജി പതാക ഉയർത്തി. എസ്.കെ.എസ്.എസ്.എഫ് ജില്ലാ പ്രസിഡണ്ട് അഹ്മദ് ബഷീർ ഫൈസി മാണിയൂർ ഉദ്ഘാടനം ചെയ്തു. ജില്ലാ ട്രഷറർ അബ്ദുൽജലീൽ ഹസനി കുപ്പം അധ്യക്ഷനായി. എ.അനസ് അസ്അദി ഏഴോം, കെ.ശഫീഖ് ദാരിമി എന്നിവർ യഥാക്രമം 'ലീഡേഴ്സ് ക്വാളിറ്റീസ്, സമസ്തപാത എന്നീ വിഷയങ്ങളിൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. എസ്.കെ.എസ്.എസ്.എഫ് അബുദാബി കണ്ണൂർ ജില്ല ട്രഷറർ അബ്ദുല്ല എറന്തല, റസാഖ് കടന്നപ്പള്ളി, ഫസൽ കുപ്പം, റഷീദ് കൊട്ടില, ശിഹാബ് മുക്കുന്ന്, കെ.പി.ഇബ്രാഹിം, ശഫീഖ് മുക്കുന്ന്, ഹാഷിർ അബ്ദുല്ല സംസാരിച്ചു. അൻവർ എറന്തല സ്വാഗതവും ഖമറുദ്ദീൻ അസ്ഹരി നരിക്കോട് നന്ദിയും പറഞ്ഞു.

കാഞ്ഞിരങ്ങാട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡ്രൈവിങ്ങ് ട്രാക്കിന്റെ ശിലാസ്ഥാപനം 13ന്

തളിപ്പറമ്പ: തളിപ്പറമ്പ് ആർ.ടി. ഓഫീസിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഓട്ടോ മാറ്റഡ് വാഹന ഡ്രൈവിങ്ങ് ടെസ്റ്റിങ്ങ് സ്റ്റേഷന്റെയും ഡ്രൈവിങ്ങ് ട്രാക്കിന്റെയും ശിലാസ്ഥാപനം ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ 13ന് വൈകീട്ട് നാല് മണിക്ക് കാഞ്ഞിരങ്ങാട് നിർവഹിക്കുമെന്ന് അധികൃതർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മോട്ടോർ വാഹന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 1.74 ഏക്കർ ഭൂമിയിലാണ് ഇത് സ്ഥാപിക്കുന്നത്. കേരളത്തിലെ ഏഴാമത്തേതും ജില്ലയിലെ രണ്ടാമത്തേതുമായ ഓട്ടോമാറ്റിക് ട്രാക്കാണ് കാഞ്ഞിരങ്ങാടേത്. നാല് കോടി രൂപ ചിലവിൽ മൂന്ന് മാസം കൊണ്ട് പണി പൂർത്തീകരിക്കാനാണ് ഉദേശിക്കുന്നതെന്ന് ജോയിന്റ് ആർ.ടി.ഒ ഇ.വി.എസ്. ഉണ്ണികൃഷ്ണൻ, എം.വി.ഐ ജെ.എസ്. ശ്രീകുമാർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സംവിധാനം നിലവിൽ വരുന്നതോടെ ഇപ്പോൾ മിനി സിവിൽ സ്റ്റേഷൻ ഓഫീസിൽ പ്രവർത്തിക്കുന്ന ആർ.ടി.ഒ ഓഫീസിൽ നടക്കുന്ന ലേണിംഗ് ലൈസൻസ് ടെസ്റ്റ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയവ കാഞ്ഞിരങ്ങാടേക്ക് മാറ്റാൻ സാധിക്കും. ഡ്രൈവിങ്ങ് ടെസ്റ്റ് കഴിഞ്ഞാൽ ഉടൻ തന്നെ ലൈസൻസ് നൽകാനുള്ള സംവിധാനവും ഒരുക്കും. ജയിംസ് മാത്യു എം.എൽ.എ അധ്യക്ഷത വഹിച്ചു. ജില്ലാ കലക്ടർ മീർ മുഹമ്മദലി മുഖ്യാതിഥിയാകും. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത, തളിപ്പറമ്പ നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദ്, പരിയാരം ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എ. രാജേഷ്, തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് ചെയർപേഴ്സൺ സി. ജീജ, തളിപ്പറമ്പ് ഡി.വൈ.എസ്.പി കെ.വി വേണുഗോപാൽ, തളിപ്പറമ്പ് തഹസിൽദാർ എം. മുരളി, ജി. രാകേഷ് (കിഡ്കൊ), ഗ്രാമപഞ്ചായത്തംഗം ടി. ഷീബ സംസാരിക്കും. ട്രാൻസ്പോർട്ട് കമ്മീഷണർ കെ. പത്മകുമാർ ഐ.പി.എസ് സ്വാഗതവും ആർ.ടി.ഒ എം. മനോഹരൻ നന്ദിയും പറയും.

ഒത്തുപിടിച്ചാൽ ഗൾഫ് ലൈസൻസ് തളിപ്പറമ്പിൽ നിന്ന് ലഭിക്കും

തളിപ്പറമ്പ: ജനപ്രതിനിധികളും വകുപ്പ് തലവൻമാരും കൈകോർത്താൽ ഗൾഫ് രാജ്യങ്ങളിലെ ലൈസൻസ് തളിപ്പറമ്പിൽ നിന്നും ലഭിക്കും. ലോകത്ത് ആദ്യമായാണ് ഒരു രാജ്യത്തെ ലൈസൻസ് മറ്റൊരു രാജ്യത്ത് വെച്ച് നൽകാൻ കഴിയുന്ന സംവിധാനം നിലവിൽവരിക. ആറ് മാസം മുമ്പ് മുഖ്യമന്ത്രി ഗൾഫിൽ സന്ദർശനം നടത്തിയപ്പോഴാണ് ഷെയ്ക്കുമായി ഈ കാര്യം ചർച്ച ചെയ്തത്. തത്വത്തിൽ ഇത് ഗൾഫ് രാജ്യ തലവൻമാർ സമ്മതിച്ചിട്ടുണ്ട്. ഇതിനായി പരിയാരം കാരക്കുണ്ടിൽ 37 ഏക്ര സ്ഥലം അക്വയർ ചെയ്യാൻ നീക്കം തുടങ്ങിയിട്ടുണ്ട്. ഗൾഫിൽ ആയിരക്കണക്കിന് മലയാളികൾ ഡ്രൈവർ ജോലി ചെയ്യുന്നുണ്ട്. അവിടെ പോയാണ് ലൈസൻസ് എടുക്കുന്നത്. ലൈസൻസ് ലഭിക്കാത്തതിനാൽ പലരും മടങ്ങി വന്നിട്ടുണ്ട്. ഇവിടെ സാറ്റ്ലെറ്റ് സംവിധാനത്തോടെ ലൈസൻസ് നൽകിയാൽ അത് കുറ്റമറ്റ രീതിയിൽ ഗൾഫിൽ ഇരുന്ന് കൊണ്ട് ആ രാജ്യത്തെ ഉദ്യോഗസ്ഥൻമാർക്ക് നിരീക്ഷിക്കാൻ കഴിയും. മലയാളികൾക്ക് അത് വലിയ അനുഗ്രഹമായി മാറും. ഇതിനായി വൻ സമ്മർദം ഉയർത്തേണ്ടിവരും.

ബഹു. തളിപ്പറമ്പ മോട്ടോർ ആക്സിഡന്റ് ക്ലൈയിംസ് ട്രൈബ്യൂണൽ മുമ്പാകെ
OPMV. No. 216/2017

ശശിധരൻ മുതൽ മൂന്നാൾ:	ഹർജിക്കാർ
ദിലീപ്. S/o. ജോസ് കുരിശുംമൂട്ടിൽ ഹൗസ് ചെമ്പേരി. പി.ഒ. കണ്ണൂർ ജില്ല. 670632	2-ാം എതൃകക്ഷി

മേൽ നമ്പ്ര് കേസിൽ രണ്ടാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചു നടത്താൻ കൽപ്പിച്ച് മേൽ കേസ് 17-4-18 തീയതിക്ക് വെച്ചിരിക്കുന്നു.

ഡെന്നി ജോർജ് (ഒപ്പ്)
ഹർജിക്കാർ ഭാഗം അഡ്വക്കറ്റ്

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്
മലയോര മേഖലയിലെ പ്രമുഖ വസ്ത്രാലയത്തിലേക്ക് പരിചയസമ്പന്നരായ ലേഡി സ്റ്റാഫിനെ ഉടൻ ആവശ്യമുണ്ട്. തളിപ്പറമ്പ്, പഴയങ്ങാടി, മാട്ടൂൽ, ആലക്കോട്, ശ്രീകണ്ഠപുരം, പെരുമ്പടവ്, ചെറുപുഴ മേഖലകളിലുള്ളവർക്ക് മുൻഗണന. ബന്ധപ്പെടുക.
9447341301
9656485088

ആവശ്യമുണ്ട്
മഹാരാഷ്ട്രയിൽ ബേക്കറിയിലേക്ക് പരിചയം ഉള്ള സെയിൽസ്മാൻമാരെ ആവശ്യമുണ്ട്. ഹിന്ദി ഭാഷ അറിഞ്ഞിരിക്കണം. ഭക്ഷണം, താമസം സൗജന്യം. ഹിന്ദി ഭാഷ അറിയുന്നവർ മാത്രം വിളിക്കുക.
9404009840,
9922494916

BUILDEX INDORIUM WANTED URGENTLY
★ Sales Manager (Male) - 2 nos.
5 years experience in tile, sanitary & Plumbing material field)
★ Senior Accountant (Male) - 1 no.
(Qualification B Com & 3 years experience with Tally in concerned field)
★ Accountant (Male) - 2 no.
3 years experience with Tally in concerned field)
★ Billing Staff - 2 nos.
(3 years experience in billing in concerned field)
Interview on 13April 2018 -10.30 am. at our show room, Kuttikkol (Taliparamba)
Preference for the personnel within 15 km parameters
☎ 0460 2300099, 8606910775
Buildex Indorium, N.H. Kuttikkol, Taliparamba,Ph.: 0460 2300099, buildexindorium@gmail.com, www.buildexindorium.com